## അണ കെട്ടുന്നതോ പൊട്ടുന്നതോ പ്രശ്നം?

**കാലപ്പഴക്കം ചെന്ന ഡാമുകളുടെ സുരക്ഷ ഉറപ്പ് വരുത്തി, അവ ഡീകമ്മീഷൻ ചെയ്യുന്നതിനായി ഒരു ഡാം സുരക്ഷ ഏജൻസി രൂപീകരിക്കുകയും തുടർ ആലോചനകൾക്കായി ഇപ്പോൾ രാജ്യത്ത് നടക്കുന്ന എല്ലാ ഡാം നിർമ്മാണ പ്രവർത്തനങ്ങളും നിർത്തിവയ്ക്കാനുള്ള മൊറട്ടോറിയം പ്രഖ്യാപിക്കുകയുമാണ് മുല്ലപ്പെരിയാർ പ്രശ്നത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാർ ചെയ്യേണ്ടതെന്ന് ജനകീയ പ്രസ്ഥാനങ്ങളുടെ ദേശീയ സഖ്യം**

# അണക്കെട്ടുകളെക്കുറിച്ച് ഒരു പുനർചിന്തയ്ക്ക് അവസരം

**രാജ്യത്തെ** ജലതർക്കങ്ങളെയും പ്രകൃതിവിഭവങ്ങളുടെ മേലുള്ള ജനങ്ങളുടെ അധികാരത്തെയും ഡാം സുരക്ഷയെയും കുറിച്ചുള്ള ചർച്ചകളെ മുല്ലപെരിയാർ പ്രശ്നം വീണ്ടും സജീവമാക്കിയിരിക്കുന്നു. എന്നാൽ ഡാമുകളെ ജലസേചനത്തിനും വൈദ്യുതോത്പാദനത്തിനും വെള്ളപ്പൊക്ക നിയന്ത്രണത്തിനുമുള്ള ഉപാധിയായി കരുതുകയും ഡാം മാത്രമാണ് ഏകപരിഹാരമെന്ന് ഉയർത്തിക്കാട്ടുകയും ചെയ്യുന്ന ചർച്ചകളാണ് മുഖ്യമായും നടക്കുന്നത് എന്നത് ദൗർഭാഗ്യകരമായ കാര്യമാണ്. കേരളവും തമിഴ്നാടും തമ്മിലുള്ള ജലകൈമാറ്റത്തിലേക്ക് മാത്രം ചുരുങ്ങുന്ന ചർച്ചകൾ ജലവിഭവങ്ങളുടെ കാര്യക്ഷമമായ ഉപയോഗം, തദ്ദേശീയജനതയുടെ പ്രകൃതി വിഭവങ്ങളുടെ മേലുള്ള അധികാരം തുടങ്ങിയ സുപ്രധാന വിഷയങ്ങൾ പരിഗണിക്കുന്നതേയില്ല. നർമ്മദവാലി, തെഹ്‌രി, ഭക്ര, കോയൽകാരോ തുടങ്ങി വലിയ ഡാം വിരുദ്ധ ജനകീയ മുന്നേങ്ങൾക്ക് സാക്ഷ്യം വഹിച്ചിട്ടുള്ള നാടാണ് ഇന്ത്യ. വലിയ ഡാമുകൾക്കെതിരെ സർദ്ദാർ സരോവറിൽ തുടങ്ങിയ പ്രക്ഷോഭം വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലും ഹിമാലയൻ സംസ്ഥാനങ്ങളിലും പരിസ്ഥിതിനാശം മുതൽ ജീവന്റെയും സ്വത്തിന്റെയും സംരക്ഷണം ഉൾപ്പെടെയുള്ള വിഷയങ്ങൾ ഉന്നയിച്ചുകൊണ്ട് തുടരുകയാണ്.

ഇന്ത്യയിലെ ബഹുഭൂരിപക്ഷം ഡാമുകളും 100 വർഷത്തിലേറെ പഴക്കമുള്ളവയാണ്. കേന്ദ്ര വാട്ടർ കമ്മീഷൻ തയ്യാറാക്കിയ പട്ടിക പ്രകാരം 114 ഡാമുകൾ കാലപ്പഴക്കം വന്നവയുടെ പട്ടികയിലാണുള്ളത്. 50–100 വർഷം പഴക്കുമുള്ള 400 ഓളം ഡാമുകളുണ്ടെന്നാണ് കണക്കുകൾ. മധ്യപ്രദേശ് സർക്കാറിന്റെ കണക്ക് പ്രകാരം അപകടാവസ്ഥയിലുള്ള 108 ഡാമുകളാണ് സംസ്ഥാനത്തുള്ളത്. അതിൽ 63 എണ്ണം 50 വർഷം പോലും പഴക്കമില്ലത്തവയാണ്. മധ്യപ്രദേശിലെ ജമുനിയ ഡാമിൽ 2002ൽ ഉണ്ടായ വിള്ളൽ ജനങ്ങളെ ഭീതിയിലാഴ്ത്തിയിരിക്കുന്നു. ഡാമിനുണ്ടാകുന്ന ഇത്തരം തകരാറുകൾ ആയിരക്കണക്കിന് ആളുകളെ ബാധി

ക്കുമെന്ന് നമുക്ക് ഉറപ്പാണ്. സമാനാവസ്ഥയിലുള്ള മുല്ലപെരിയാർ ഡാമിന് പ്രദേശത്ത് ഇടയ്ക്കിടെയുണ്ടാകുന്ന ഭൂചലനങ്ങളും ഭീഷണിയായിരിക്കുന്നു.

ഈ പ്രദേശത്തുണ്ടാകുന്ന ഭൂചലനങ്ങൾക്ക് ഒരു പ്രധാനകാരണം ഇടുക്കി, മുല്ലപെരിയാർ ഡാമുകൾ സൃഷ്ടിക്കുന്ന മർദ്ദമാണെന്നും അനുമാനിക്കുന്നുണ്ട്. മുല്ലപെരിയാറിൽ നിർദ്ദേശിക്കപ്പെടുന്ന പുതിയ ഡാം എന്ന പരിഹാരം ഈ ഭൂചലന സാധ്യതയ്ക്ക് ആക്കം കൂട്ടുകയേയുള്ളൂ. പുതിയ ഡാമിനായി പെരിയാർ കടുവാ സങ്കേതത്തിൽ 50 ഹെക്ടർ വനം നശിപ്പിക്കപ്പെടും എന്നതും പരിസ്ഥിതിക്ക് വലിയ ഭീഷണിയാണ്. ഇക്കാര്യങ്ങൾ പരിശോധിക്കാതെ പുതിയ ഡാം എന്ന് കേരള സർക്കാർ മുന്നോട്ട് വയ്ക്കുന്ന പരിഹാരം തീർത്തും അശാസ്ത്രീയവും അപകടകരവുമാണ്.

മുല്ലപെരിയാർ ഡാമിന്റെ സുരക്ഷ പരസ്പരം പോരടിക്കുന്നതിനുള്ള ഒരു വിഷയമായി മാത്രമാണ് രാഷ്ട്രീയ പാർട്ടികൾ ഇപ്പോൾ പരിഗണിക്കുന്നത്. ദീർഘവീക്ഷണത്തോടെയുള്ള ശാശ്വത പരിഹാരത്തിന് ആരും ശ്രമിക്കുന്നില്ല. 116 വർഷം പഴക്കമുള്ള ഒരു നിർമ്മിതി മുൻകരുതൽ നടപടികളോടെ അതേപടി തുടരുന്നതിനേക്കാൾ നല്ലത് തമിഴ്നാട് ജലസേചനത്തിന് ആവശ്യമായ മറ്റ് ബദൽമാർഗ്ഗങ്ങൾ കണ്ടെത്തുകയാണ്. പെരിയാറിലെ ജലം ഇരു സംസ്ഥാനങ്ങൾക്കും ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ വിനിയോഗം ചെയ്യാനുള്ള നടപടികളും എടുക്കേണ്ടതുണ്ട്.

കേരളത്തിനും തമിഴ്നാടിനും ഇടയിൽ മാത്രമല്ല, ഇന്ത്യയിലെമ്പാടും സംസ്ഥാനങ്ങൾക്കിടയിൽ ഇത്തരം ജലതർക്കങ്ങൾ നിലനിൽക്കുന്നുണ്ട്. ഭരണകൂടം നിശ്ചയിക്കുന്ന കൃത്രിമമായ അതിരുകൾ പാലിക്കാൻ പുഴയുടെ ജൈവികമായ ഒഴുക്കിന് കഴിയില്ല എന്നതാണ് അടിസ്ഥാനപരമായ വസ്തുത. പുഴയുടെ ഒഴുക്കിനെയും ജീവതാളത്തെയും കുറിച്ച് നന്നായി അറിയുന്നത് പുഴത്തീരങ്ങളിലെ ജനതയ്ക്കാണ്. ഡാമുകൾ പുഴയേയും നീരൊഴുക്കിനെയും നശിപ്പിക്കുകയാണ് ചെയ്യുന്നത്. ജീവന്റെയും സംസ്കാരങ്ങളുടെയും നിലനിൽപ്പിനായി പുഴയുടെ ധർമ്മങ്ങൾ എങ്ങനെ നിർവ്വഹിക്കണം എന്നതിനുവേണ്ട ബദൽ അന്വേഷണങ്ങൾക്കുള്ള സമയമായി നമ്മൾ ഇപ്പോഴത്തെ പ്രതിസന്ധിയെ കാണണം.

കാലപ്പഴക്കം വന്നുകൊണ്ടിരിക്കുന്ന ഡാമുകളും ഉചിതമായ സംരക്ഷണത്തിന്റെ അഭാവവും ഉത്തരവാദിത്തമുള്ള സംവിധാനങ്ങളുടെ അപര്യാപ്തതയും വരും നാളുകളിൽ ഇന്ത്യയിൽ ഡാം ദുരന്തങ്ങൾ കൂടാൻ കാരണമാകും. ആഗോളതാപനത്തിന്റെ ഫലമായി മഴയുടെ അളവിലുണ്ടായ വർദ്ധനവും ഹിമാനികളുടെ ഉരുകലും ഡാം ദുരന്തങ്ങൾക്ക് ആക്കം കൂട്ടുന്നുണ്ട്.

ഡാം സുരക്ഷാ ബിൽ ഏറെ നാളായി പാർലമെന്റിന്റെ പരിഗണനയിലാണ്. പൊതുസമൂഹത്തിന്റെയും ഡാമുകളുടെ പ്രശ്നങ്ങൾ ഉയർത്തിക്കാട്ടുന്ന ജനകീയ പ്രസ്ഥാനങ്ങളുടെയും അഭിപ്രായങ്ങൾ കൂടി ആരാഞ്ഞ് ബിൽ പരിഷ്കരിക്കുകയും കാലപ്പഴക്കം ചെന്ന ഡാമുകളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിനും അവ ഡീകമ്മീഷൻ ചെയ്യുന്നതിനുമായി ഒരു ഡാം സുരക്ഷ ഏജൻസി രൂപീകരിക്കുകയുമാണ് അടിയന്തിരമായി ചെയ്യേണ്ട കാര്യങ്ങൾ. അതിനോടൊപ്പം ഇപ്പോൾ രാജ്യത്ത് നടക്കുന്ന എല്ലാ ഡാം നിർമ്മാണ പ്രവർത്തനങ്ങളും നിർത്തിവയ്ക്കാൻ സർക്കാർ മൊറട്ടോറിയം പ്രഖ്യാപിക്കുകയും വേണം.

അവകാശപ്പെട്ടിരുന്ന നേട്ടങ്ങൾ കൈവരിക്കാൻ വലിയ ഡാമുകൾക്ക് കഴിയാതെ പോയി എന്ന് അംഗീകരിക്കാൻ അധികൃതർ തയ്യാറാകണം. വലിയ ഡാമുകളുടെ ഫലപ്രാപ്തിക്കുറവ് പരിഹരിക്കുകയും ഡാമുണ്ടാക്കുന്ന സുരക്ഷാഭീഷണി മയപ്പടുത്തുകയും ചെയ്യുക എന്നത് ഒട്ടും ശുഭകരമായ കാര്യമല്ല. വലിയ ഡാമുകളുടെ ഭാഗമായി സംഭവിക്കുന്ന കുടിയൊഴിപ്പിക്കലുകൾക്കുള്ള പരിഹാരം ഭൂമിക്ക് പകരം ഭൂമി എന്ന രീതിയിലാണ് നടക്കുന്നത്. ഉചിതമായ ഉപജീവനമാർഗ്ഗം കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് കണ്ടെത്തിക്കൊടുക്കാൻ സർക്കാരുകൾക്ക് കഴിയുന്നില്ല. നൈതികത, സുസ്ഥിരത, സുതാര്യത, ഉത്തരവാദിത്തം, കാര്യക്ഷമത, പങ്കാളിത്തത്തോടെയുള്ള തീരുമാനങ്ങൾ തുടങ്ങിയ മാനുഷിക മുഖമുള്ള വികസനത്തിന് വേണ്ട മൂല്യങ്ങളെയെല്ലാം തകർത്തുകൊണ്ടാണ് വലിയ ഡാമുകൾ വരുന്നത്.

## നിർദ്ദേശങ്ങൾ

– ഇന്ത്യയിലെ എല്ലാ ഡാമുകളുടെയും നിലവിലെ അവസ്ഥയും പ്രവർത്തന ചിലവും നേട്ടങ്ങളും കുടിയൊഴിപ്പിക്കപ്പെട്ടവരുടെയും പുനരധിവസിപ്പിച്ചവരുടെയും എണ്ണവും കാണിക്കുന്ന ഒരു ധവളപത്രം സർക്കാർ അടിയന്തിരമായി പുറത്തിറക്കുക.

– നിലവിലുള്ളതും വരാനിരിക്കുന്നതുമായ ഡാമുകളുടെ സാധ്യതകളും വികസനകാര്യങ്ങളിലെ സംഭാവനകളും വിലയിരുത്തുന്നതിനും വലിയ ഡാമുകളുടെ നിർമ്മാണത്തിന് മൊറട്ടോറിയം പ്രഖ്യാപിക്കുന്നതിനുമായി ദേശീയ അണക്കെട്ട് കമ്മീഷൻ രൂപീകരിക്കുക.

– മുല്ലപ്പെരിയാർ വിഷയത്തിൽ കേരളവും തമിഴ്നാടും സംഭാഷണത്തിന് തയ്യാറാവുകയും ഇരുപക്ഷത്തിന്റെയും ന്യായമായ ആവശ്യങ്ങൾ അംഗീകരിച്ചുകൊണ്ടുള്ള പരിഹാരങ്ങളിൽ എത്തുകയും ചെയ്യുക.

– രാജ്യത്ത് നിലനിൽക്കുന്ന ജലതർക്കങ്ങൾക്ക് പരിഹാരം കാണുന്നതിനും സംസ്ഥാനങ്ങൾ തമ്മിലുള്ള ജലകൈമാറ്റത്തിന് കൃത്യമായ വ്യവസ്ഥകൾ വികസിപ്പിക്കുന്നതിനുമായി ഡാമിന്റെ പ്രശ്നങ്ങൾ അനുഭവിക്കുന്നവരുമായും മറ്റ് സിവിൽ സമൂഹ പ്രതിനിധികളുമായി ചർച്ച ചെയ്ത് ഡാം സുരക്ഷ ആക്ട് രൂപീകരിക്കുക.


### പുതിയ ഡോക്യുമെന്ററികൾ

**ഫില്ലിംഗ് ദ ബ്ലാങ്ക്സ്**
(ഓട്ടോ ഡ്രൈവറായിരുന്ന ദളിത് യുവതി ചിത്രലേഖയുടെ ദുരനുഭവങ്ങൾ)
സംവിധാനം : ശ്രീമിത്ത്

**പോയ്സൺ ഓൺ ദ പ്ലാറ്റർ**
(ജി.എം. പരീക്ഷണങ്ങൾക്കെതിരെ)
33 മിനിറ്റ്
സംവിധാനം : അജയ് കാഞ്ചൽ.
നിർമ്മാണം : മഹേഷ് ഭട്ട്

**ഭൂമിയ്ക്കുവേണ്ടി അവസാനത്തെ ബലി**
(ചെങ്ങറ സമരം) 37 മിനിറ്റ്
സംവിധാനം : സി. ശരത്ചന്ദ്രൻ.
നിർമ്മാണം : തേഡ് ഐ

**ഡയസ്പോറ–ഗലേറിയ ഓഫ് വാണ്ടറേഴ്സ്**
(അതിരപ്പിള്ളിയിലെ ആദിവാസി കുടിയൊഴിപ്പിക്കലുകൾ) 25 മിനിറ്റ്
സംവിധാനം : അഡ്വ. ആർ.കെ. ആശ

**വി.സി.ഡി./ഡി.വി.ഡി./കോപ്പികൾക്ക്**

കേരളീയം